പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 08/03/2018 ൽ |
| നിയമസഭാ ചോദ്യം നമ്പർ 2029 | മറുപടിക്ക് |

**നഷ്ടത്തിലായിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾക്ക് പുനരുദ്ധാരണ പാക്കേജ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) 2011-16 കാലയളവിൽ നഷ്ടത്തിലായ പൊതുമേഖലാ വ്യവസായസ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിന്, 2017-18 ലെ ബജറ്റിൽ തുക വകയിരുത്തിയിരുന്നതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം നല്കുമോ;<br><br>ബി) ഇപ്രകാരം നഷ്ടത്തിലായിരുന്ന ഏതെല്ലാം വ്യവസായസ്ഥാപനങ്ങൾക്കാണ് പുനരുദ്ധാരണ പാക്കേജ് നൽകിയിട്ടുള്ളതെന്നും തൽഫലമായി വന്നിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ? | എ) & ബി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ (2011-16) നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങ ൾ പുനരുദ്ധരിക്കുന്നതിന് 2017-18 സാമ്പത്തികവർഷം ബഡ്ജറ്റിൽ നിന്നും അനുവദിച്ച സാമ്പത്തിക സഹായത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്**- നിലവിലുള്ള പ്ലാൻറിൻെറ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിൻെറ ഭാഗമായി കോപ്പറസ് റിക്കവറി പ്ലാൻറ് നടപ്പിൽ വരുത്തുന്നതിന് 16 കോടി രൂപയും ടൈറ്റാനിയം ഡയോക്സൈഡ് പ്ലാൻറിൻെറ കാലപ്പഴക്കം ചെന്ന വളരെ നിർണ്ണായകമായ മെഷിനറികൾ മാറ്റിവെയ്ക്കുന്നതിനും Sulphuric acid plant ൻെറ നവീകരണത്തിനും 10 കോടി രൂപയും ചേർത്ത് 26 കോടി രൂപയുടെ പദ്ധതിയ്ക്ക് 2017-18ൽ അംഗീകാരം നൽകുകയും, 24 കോടി രൂപ സർക്കാരിൽ നിന്ന് നൽകുന്നതിനുള്ള ഭരണാനുമതി നൽകുകയും ചെയ്തു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

**ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്** : ഈ സാമ്പത്തിക വർഷം HCL Synthesis unit ആരംഭിക്കുന്നതിനുള്ള 10.23 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിപ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്. ഇതോടൊപ്പം വർദ്ധിച്ചുവരുന്ന കാസ്റ്റിക് സോഡ, ക്ലോറിൻ എന്നിവയുടെ ആവശ്യം പരിഗണിച്ച് നിലവിലുള്ള ഉൽപാദനശേഷി പ്രതിദിനം 175 ടണ്ണിൽ നിന്ന് 250 ടൺ ആക്കി വർദ്ധിപ്പിക്കുന്നതിനായി 50 കോടി രൂപയുടെ വിശദമായ പദ്ധതിയ്ക്ക് ഭരണാനുമതി നൽകുന്ന നടപടി അന്തിമഘട്ടത്തിലാണ്.

**ടെക്സ്റ്റൈൽ മേഖലയിലെ** പൊതുമേഖലയിലും സഹകരണ മേഖലയിലുമുള്ള പ്രവർത്തനം നിലച്ചുകിടന്നിരുന്ന സ്ഥാപനങ്ങളുടെ സമഗ്രമായ നവീകരണ പരിപാടികൾ 15 കോടി രൂപയുടെ അധിക ധനസഹായം 2016-17ൽ നൽകുകവഴി അവ തുറന്നു പ്രവർത്തിച്ചു. ടെക്സ്റ്റൈൽ മേഖലയിലെ സ്ഥാപനങ്ങൾക്കുള്ള പുനരുദ്ധാരണ പദ്ധതി തയ്യാറാക്കുന്നതിനായി രൂപീകരിച്ച ശ്രീ.പി.നന്ദകുമാർ ചെയർമാനായ വിദഗ്ദ്ധ കമ്മറ്റിയുടെ റിപ്പോർട്ട് 2017 മേയ് മാസം സർക്കാരിനു സമർപ്പിക്കുകയും അതിന് തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ.പി.നന്ദകുമാർ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലുള്ള നവീകരണ വിപുലീകരണ പ്രവർത്തനങ്ങളായിരിക്കും നടപ്പിലാക്കുക.

2017-18ൽ സാമ്പത്തിക മാന്ദ്യം നേരിടുന്ന ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾക്ക് 30 കോടി രൂപയുടെ പ്രവർത്തന മൂലധന സഹായം ഇതിനോടകം നൽകിയിട്ടുണ്ട്. കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈയിൽ കോർപ്പറേഷൻ ലിമിറ്റഡിൻെറ അധീനതയിൽ

2011ൽ സ്ഥാപിതമായ 3 ടെക്സ്റ്റൈൽ മില്ലുകളുടെ പ്രവർത്തനം വാണിജ്യാടിസ്ഥാനത്തിൽ ആരംഭിക്കുന്നതിനായി 31 കോടി രൂപ 2017-18-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പൊതുമേഖലാ ടെക്സ്റ്റയിൽ മില്ലുകൾക്ക് അറ്റകുറ്റപണികൾക്കായി 11.60 കോടിയോളം രൂപ പ്രത്യേകം വകയിരുത്തിയിട്ടുണ്ട്.

**ട്രാക്കോ കേബിൾ കമ്പനി:** കമ്പനിയുടെ തിരുവല്ലയിലേയും, ഇരിമ്പനത്തേയും യൂണിറ്റുകളുടെ ഉത്പാദന ശേഷി വർദ്ധിപ്പിച്ചു ഓർഡറുകൾ കൃത്യതയോടെ സമയബന്ധിതമായി ചെയ്യുന്നതിനുവേണ്ട അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും യൂണിറ്റിന്റെ ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള 10 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകി തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിനടത്തിപ്പിനായുള്ള ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

**കേരളാ ഇലക്ട്രിക്കത്സ് ആൻറ് അലൈഡ് എൻജിനിയറിംഗ് കമ്പനി:** 2017-18ൽ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോമർ പ്ലാൻറിന്റെ നവീകരണത്തിനും, കുണ്ടറയിലെയും, ഒലവക്കോടിലെയും യൂണിറ്റുകളുടെ നവീകരണത്തിനുമുള്ള 18 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ നിന്നും 3.60 കോടിരൂപ കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്. ബാക്കി തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതിനടത്തിപ്പിനായുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

**ട്രാൻസ്ഫോർമേഴ്സ് ആൻറ് ഇലക്ട്രിക്കത്സ് കേരളാ ലിമിറ്റഡ് (ടെൽക്ക്):** ആധുനികവൽക്കരണത്തിന്റെ ഭാഗമായി വേപ്പർ ഡ്രയിങ് പ്ലാൻറ് സ്ഥാപിക്കുന്നതിനായി 2017-18ൽ 10 കോടിരൂപ അനുവദിച്ചിട്ടുണ്ട്.

**കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കത്സ് ലിമിറ്റഡിൽ:** കേരളത്തിലാവശ്യമായ നോൺ ബീറ്റാലാക്ടം മരുന്നുകൾ, ഇൻഞ്ചക്ടബിൾസ്, പേരൻറയിൽ മരുന്നുകൾ ഹോസ്പിറ്റൽ ഡിഡ്പോസിബിൾസ് എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ വിപുലമായ വികസന പദ്ധതി ഘട്ടംഘട്ടമായി വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനായി 2017-18-ൽ ബഡ്ജറ്റിൽ വകയിരുത്തിയ 28.15 കോടി രൂപയുടെ നോൺ-ബീറ്റാലാക്ടം പദ്ധതിക്ക് ഭരണാനുമതി നൽകി നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്. ഇതിന്റെ ഭാഗമായി 14 കോടിരൂപ കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്.

2011ൽ ഉൽപ്പാദനം ആരംഭിച്ച Betalactum പ്ലാൻറിന് WHO GMP അംഗീകാരം ലഭിക്കുകയും രാജ്യാന്തര വിപണനത്തിന് തയ്യാറാകുകയും ചെയ്തിട്ടുണ്ട്.

കണ്ണൂരുള്ള **കെൽട്രോൺ കമ്പോണൻറ് കോംപ്ലക്സിൻെറ** കപ്പാസിറ്റർ നിർമ്മാണത്തിനുള്ള സൗകര്യങ്ങളുടെ വിപുലീകരണത്തിൻെറയും നവീകരണത്തിൻെറയും ഭാഗമായി 10 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകി പദ്ധതി നടത്തിപ്പിൻെറ നടപടികൾ സ്വീകരിച്ചുവരുന്നു.

ആലപ്പുഴയിലെ **ഓട്ടോകാസ്റ്റിൽ** സ്റ്റീൽ കാസ്റ്റിംഗ് പദ്ധതിയും സാൻഡ് റിക്ലമേഷൻ പദ്ധതിയും പൂർത്തികരിച്ചുവരുന്നു. നിലവിലുള്ള പ്ലാൻറിൻെറ നവീകരണത്തിനും, റയിൽവേ ബോഗീ ഫ്രെയിം നിർമ്മാണത്തിനായും 2017-18ൽ 10 കോടി രൂപയ്ക്ക് സർക്കാർ ഭരണാനുമതി നൽകുകയും തുക നൽകകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായിട്ടുള്ള ടെണ്ടർ നടപടികളു ം അനുബന്ധ പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു.

**കേരളാ സിറാമിക്സ് ലിമിറ്റഡിൽ** കമ്പനിയുടെ നവീകരണത്തിനും പുതിയ ഖനന ഭൂമി വാങ്ങുന്നതിനായും 2017-18ൽ അനുവദിച്ച 23 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകകയും നിർമ്മാണ പ്രവർത്തനങ്ങളും ഖനനഭൂമി വാങ്ങുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്. ഇതിൻെറ ഭാഗമായി 5 കോടിരൂപ കമ്പനിയ്ക്ക് ലഭിച്ചിട്ടുണ്ട്.

**യുണൈറ്റഡ് ഇലക്ട്രിക്കൽസ് ലിമിറ്റഡിൽ** ആധുനികവത്ക്കരണത്തിൻെറ ഭാഗമായി കെ.എസ്.ഇ.ബിയ്ക്കും, ഇതര സംസ്ഥാനങ്ങൾക്കും ഉതകുന്ന പുതുതലമുറ മീറ്ററുകളുടെ നിർമ്മാണവും, എൽ.ഇ.ഡി ലൈറ്റുകളുടെ നിർമ്മാണവും പരിഗണനയിലാണ്. ഇതിനായി 4 കോടിരൂപ 2017-18ൽ അനുവദിച്ചിട്ടുണ്ട്. ഇതിൻെറ ഭാഗമായി 2 കോടിരൂപ കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൻെറ ഭാഗമായിട്ടുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ട്രാവൻകൂർ സിമൻസ് ലിമിറ്റഡ്:** പരിസ്ഥിതി സംബന്ധമായ പ്രശ്നങ്ങളാൽ വെള്ള സിമൻറ് ഉൽപ്പാദനം നിലച്ചിരിക്കുന്നതിനാൽ നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങളുപയോഗിച്ച് പ്രതിവർഷം 10 ലക്ഷം ടൺ ഗ്രേ സിമൻറ് ഉൽപാദിപ്പിക്കുന്നതിനുള്ള 175 കോടി രൂപയുടെ പദ്ധതിയുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 2017 18 വർഷത്തെ ബഡ്ജറ്റിൽ ഇതിനായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡിന്** ഐ.എസ്.ആർ.ഒയിൽ നിന്നും കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനായി മെഷീൻ ഷോപ്പ് സൗകര്യങ്ങൾ നവീകരിക്കുന്നതിനുള്ള പദ്ധതി 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനായി വിഭാവനം ചെയ്തുവരുന്നു. 2017-18ലെ ബഡ്ജറ്റിൽ വകയിരുത്തിയ 7 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇലക്ട്രിക് വാഹനങ്ങളുടെ ഭാവിയിലെ വിപണി മുന്നിൽകണ്ടുകൊണ്ട് കേരളാ ആട്ടൊമൊബൈൽസ് ലിമിറ്റഡിൻെറ വികസനത്തിനായി **കേരളാ ഇലക്ട്രിക്കൽസ് ആൻറ് അലൈഡ് എൻജിനിയറിംഗ് കമ്പനി, കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ച വരുന്ന ഭെൽ ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ്** എന്നീ സ്ഥാപനങ്ങളുടെ സാങ്കേതിക സഹകരണത്തോടെ ഇലക്ട്രിക് വാഹനങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

**സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സിൽ** ഹീറ്റ് ട്രീറ്റ്മെൻറ് പ്ലാൻറ് സ്ഥാപിക്കുന്നതിനുള്ള 12.50 കോടി രൂപയുടെ പദ്ധതിയ്ക്ക് അംഗീകാരം 2016-17-ൽ നൽകുകയും അതിൽ സർക്കാർ വിഹിതമായ 9 കോടി രൂപയിൽ 4.50 കോടിരൂപ 2017-18-ൽ നൽകുകയും ബാക്കി 4.50 കോടി രൂപ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. ഈ പദ്ധതിയുടെ പൂർത്തീകരണത്തിനുള്ള നടപടികൾ നടന്നുവരുന്നു.

**ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിൽ** നൂതനമായ ഫർണിച്ചർ ഉൽപ്പന്നങ്ങളുടെ വികസനത്തിനായുള്ള ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. 2017-18ലെ ബഡ്ജറ്റിൽ വകയിരുത്തിയ 2 കോടി രൂപയുടെ പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൻെറ ഭാഗമായി 1 കോടിരൂപ കമ്പനിയ്ക്ക് നൽകുവാൻ ഉത്തരവായിട്ടുണ്ട്.

ഡെപ്യൂട്ടി ഓഫീസർ